# 52–ാമത് നിലയ്ക്കൽ ഓർത്തഡോക്സ് കൺവൻഷൻ ജനുവരി 9 മുതൽ 13 വരെ

റാന്നി : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിലയ്ക്കൽ ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളുടെയും സഹകരണത്തോടെ നടത്തപ്പെടുന്ന 52–ാമത് നിലയ്ക്കൽ ഓർത്തഡോക്സ് കൺവൻഷൻ ജനുവരി 9 മുതൽ 13 വരെ ഇട്ടിയപ്പാറ മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തപ്പെടും. "ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല" എന്നതാണ് (വി.ലൂക്കോസ് 21:33) ഈ വർഷത്തെ മുഖ്യ ചിന്താവിഷയം. ജനുവരി 9–ന് വൈകിട്ട് നിലയ്ക്കൽ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി അഭിവന്ദ്യ ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്ത കൺവൻഷൻ ഉദ്ഘാടനം ചെയ്യും. വിവിധ ദിവസങ്ങളിൽ റവ.ഫാ.മാത്യു എബ്രഹാം, ശ്രീമതി മെർലിൻ റ്റി.മാത്യു, ശ്രീ.സന്തോഷ് ബേബി എ.കെ തുടങ്ങിയവർ വചനപ്രഘോഷണം നടത്തും. ജനുവരി 11–ന് വെള്ളിയാഴ്ച രാവിലെ 10 മണിക്ക് അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേരുന്ന വനിതാ സമ്മേളനം മർത്തമറിയം സമാജം പ്രസിഡന്റ് അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. റവ.ഫാ.മാത്യു വർഗീസ് ക്ലാസ്സ് നയിക്കും. വൈകിട്ട് 6 മണിക്ക് സന്ധ്യാനമസ്കാരത്തെ തുടർന്ന് തുമ്പമൺ ഭദ്രാസനാധിപൻ അഭിവന്ദ്യ കുറിയാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്ത അനുഗ്രഹപ്രഭാഷണം നടത്തും. ജനുവരി 12–ന് ശനിയാഴ്ച 3 മണിക്ക് വിശ്വാസ സംഗമം നടക്കും. റവ.ഫാ.വർഗീസ് വർഗീസ് മീനടം മുഖ്യസന്ദേശം നൽകും. സമാപന ദിവസമായ ജനുവരി 13–ന് ഞായറാഴ്ച അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത വി.കുർബ്ബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കും. ഡോ.ബിജു ജേക്കബ് IAAS (Chief Controller VSSC, TVM) സമാപന സന്ദേശവും അഭിവന്ദ്യ തിരുമനസ്സുകൊണ്ട് ഇടയസന്ദേശവും നൽകും.